**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**04.02.2020 ൽ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : *37**

## അസെൻഡ് കേരള 2020

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ. ആർ. രാമചന്ദ്രൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.എൽദോ എബ്രഹാം :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ആഗോള നിക്ഷേപകരെ കേരളത്തിലേക്ക് ആകർഷിക്കാൻ കൊച്ചിയിൽ നടത്തിയ അസെൻഡ് കേരള 2020 സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) | ഇന്ത്യയിലെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് 2020 ജനുവരി 9, 10, തീയതികളിൽ കൊച്ചിയിൽ വച്ച് അസെൻഡ് 2020 ആഗോള നിക്ഷേപക സംഗമം നടത്തിയത്.<br><br>പ്രസ്തുത സംഗമത്തിലൂടെ കേരളത്തെ ഒരു മികച്ച വ്യവസായ സൗഹൃദ സംസ്ഥാനമാക്കി ഉയർത്തി കാണിക്കാൻ സാധിച്ചിട്ടുണ്ട്.<br><br>അടിസ്ഥാന സൗകര്യം, പെട്രോകെമിക്കൽസ്, പ്രതിരോധം, കാർഷിക ഭക്ഷ്യ സംസ്കരണം, ലോജിസ്റ്റിക്സ്, വ്യവസായ പാർക്കുകൾ, എം.എസ്.എം.ഇ, ഗതാഗത വികസനവും വൈദ്യുത വാഹനങ്ങളും, ജീവശാസ്ത്രം, ആയുർവേദം തുടങ്ങിയ അനവധി മേഖലകളിൽ ഉൾപ്പെടുന്ന 100 ൽപ്പരം പ്രോജക്ട് പ്രൊഫൈലുകൾ അസെൻഡ് 2020 സംഗമത്തിൽ അവതരിപ്പിക്കുകയുണ്ടായി.<br><br>അസെൻഡ് 2020 ന്റെ ഭാഗമായി സ്റ്റാർട്ട് അപ്പ് സംരംഭങ്ങളുടെ ഒരു |
| (ബി) | പ്രസ്തുത സമ്മേളനത്തിൽ ഏതൊക്കെ തരത്തിലുള്ള പുതിയ നിക്ഷേപ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചതെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | എക്സിബിഷനും സംഘടിപ്പിക്കുകയുണ്ടായി. ആയതിൽ നൂതനമായ ആശയങ്ങൾ, പ്രൊജക്ടുകൾ തുടങ്ങി ഒട്ടനവധി പ്രസക്ത കാര്യങ്ങൾ നവസംരംഭകർ പ്രദർശിപ്പിക്കുകയുണ്ടായി.<br><br>കൊച്ചിയിൽ നടന്ന ASCEND 2020 നിക്ഷേപ സംഗമത്തിലൂടെ വലിയ തോതിൽ മുതൽ മുടക്കുള്ള 18 മെഗാ പദ്ധതിയുൾപ്പെടെ 100 ഓളം വ്യവസായ പദ്ധതികളാണ് നിക്ഷേപകർക്കിടയിൽ അവതരിപ്പിച്ചത്, അതുവഴി ഏകദേശം 1 ലക്ഷം കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്.<br><br>കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെൻറ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെൻറ് അതോറിറ്റി നിക്ഷേപ താൽപര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് മെഗാ പദ്ധതികളും ഉൾപ്പെടുന്നു. |
| (സി) | പുതിയ വ്യവസായ സംരംഭങ്ങൾക്ക് സർക്കാർ സബ്സിഡി അനുവദിക്കുമെന്ന പ്രഖ്യാപനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയിക്കുമോ; | (സി) & (ഡി) | കേരളത്തിലേയ്ക്ക് കൂടുതൽ വ്യവസായങ്ങളെ ആകർഷിപ്പിക്കുവാനും ഇതിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തികാട്ടുന്നതിന്റെ ഭാഗമായി അസെൻഡ് 2020 ൽ ബഹു മുഖ്യമന്ത്രി നടത്തിയ പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. 2025 വരെ നിയമാനുസൃതമായ കാര്യങ്ങൾ പരിപാലിച്ചുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് എംപ്ലോയ്മെൻറ് സബ്സിഡി നല്കുന്നതായിരിക്കും. പ്രസ്തുത സബ്സിഡി 25,000/- രൂപ വരെ വരുമാനമുള്ള ജോലിക്കാരെ നിയമിക്കുമ്പോഴാണ് നൽകുക. മാത്രമല്ല, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികളെ നിയമിക്കുമ്പോൾ പ്രസ്തുത |
| (ഡി) | സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് സ്ത്രീ തൊഴിലാളികൾക്ക് പുരുഷന്മാരേക്കാൾ രണ്ടായിരം രൂപ അധികവേതനം നല്കുമെന്ന പ്രസ്തുത സമ്മേളനത്തിലെ പ്രഖ്യാപനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | സബ്സിഡി ഇനത്തിൽ 2000/- രൂപ അധികമായി നല്കുന്നതായിരിക്കും..<br><br>2. വലിയ മുതൽമുടക്കുള്ള വ്യവസായ ആവശ്യങ്ങൾക്ക വേണ്ടി വ്യക്തിക്കോ കമ്പനിയ്ക്കോ ഭൂമിയുടെ ഉടമസ്ഥാവകാശത്തിനുള്ള പരിധി 15 ഏക്കറിൽ നിന്ന് ഉയർത്തുന്നതാണ്.<br><br>3. റോഡിന്റെ വീതിയുമായി ബന്ധപ്പെട്ട് കെട്ടിട നിർമ്മാണത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി കേരള ബിൽഡിംഗ് റൂൾസ് ഭേദഗതിചെയ്തുകൊണ്ട് ലഘൂകരിക്കുന്ന തായിരിക്കും.<br><br>4. കേരള ഫാക്ടറി റൂൾസ് അമെൻഡ് ചെയ്ത് സ്ത്രീകൾക്കും ഫാക്ടറികളിൽ 7 PM മുതൽ 6 AM വരെ ജോലി ചെയ്യാമെന്ന വ്യവസ്ഥ കൊണ്ടുവരുന്നതിലേയ്ക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>5. 66,000/- കോടി രൂപയിലേറെ മുതൽ മുടക്കുള്ള കേരളത്തിൻറെ സ്വപ്ന പദ്ധതി യായ Silverline ന്റെ നടത്തിപ്പ് വേഗത്തിലാക്കുന്നതാണ്.<br><br>6. വ്യവസായികൾക്ക് വ്യാവസായികാ-വശ്യാനുസരണം വേണ്ടി വരുന്ന വൈദ്യുതി വിതരണ ശൃംഗല നവീകരിക്കുന്നതി-നാവശ്യമായി വരുന്ന തുക സർക്കാർ 5 വർഷം കൊണ്ട് വൈദ്യുതി ബില്ലിൽ ഇളവിന്റെ രൂപത്തിൽ നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**